**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3207 11.12.2014-ലെ മറുപടിക്ക്

## കൊല്ലം-തേനി റോഡിന്റെ നവീകരണ പ്രവൃത്തി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.പി.കെ. ഗുരുദാസൻ** | | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) | കൊല്ലം-തേനി റോഡിന്റെ നവീകരണ പ്രവൃത്തിക്ക് ആവശ്യമായ ഡി.പി.ആർ. തയ്യാറാക്കി കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ അംഗീകാരത്തിനു വേണ്ടി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ; | (എ) | ഇല്ല. വിശദമായ പദ്ധതി രേഖ (ഡി.പി.ആർ.) തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കൊല്ലം-തേനി പാതയുടെ ഉപരിതലം പുതുക്കുന്നതിനായി വകയിരുത്തിയ തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ; | (ബി) | കൊല്ലം-തേനി ദേശീയപാതയിൽ (എൻ. എച്ച്. -183) മാങ്കാകുഴി മുതൽ - കൊച്ചാലുംമൂട് വരെ 1.5 കി.മീ. ദൂരം ഒഴികെ കടപുഴപാലം (23/500) മുതൽ കൊല്ലകടവ് പാലം(53/500) വരെയുള്ള ഭാഗത്തെ ബി.എം.& ബി.സി. പ്രവൃത്തിക്ക് 22.27 കോടി രൂപയുള്ള ഭരണാനുമതിയാണ് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം അനുവദിച്ചിട്ടുള്ളത്. പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്. |
| (സി) | കൊല്ലം ഹൈസ്കൂൾ ജംഗ്ഷൻ മുതൽ 20 കിലോമീറ്ററിലധികം അറ്റകുറ്റപണികൾ പോലും ചെയ്യാതെ കിടക്കുന്ന റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കാൻ അടിയന്തിര നടപടി സ്വകരിക്കുമോ ? | (സി) | കൊല്ലം-തേനി ദേശീയപാത (എൻ. എച്ച്.-183)-യുടെ ഹൈസ്കൂൾ ജംഗ്ഷൻ (0/000) മുതൽ കടപുഴപാലം (23/500)വരെയുള്ള ഭാഗത്ത് അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ മേൽപ്പറഞ്ഞ ഭാഗത്തെ ഉപരിതല നവീകരണത്തിന് കേന്ദ്ര ഗതാഗത മന്ത്രാലയം പി.ആർ./ഐ.ആർ.ക്യൂ.പി. 2014-15-ൽ ഉൾപ്പെടുത്തി അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ എസ്റ്റിമേറ്റ് കേന്ദ്ര മന്ത്രാലയത്തിലേയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**